സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേമനിധി

235 (1706) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ക്ഷേമനിധിയുടെ ഘടനയും പ്രവർത്തനവും എങ്ങനെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ക്ഷേമനിധിയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് അന്തിമതീരുമാനം എടുത്തിട്ടില്ല.

മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട ക്ഷേത്രങ്ങളുടെ നവീകരണം

236 (1707) ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട എത്ര ക്ഷേത്രങ്ങൾക്ക് ക്ഷേത്രനവീകരണത്തിനും പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) അവ ഏതൊക്കെ ക്ഷേത്രങ്ങളാണെന്നും ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എത്ര ക്ഷേത്രങ്ങൾക്കാണ് തുക അനുവദിച്ചതെന്നും ആയത് എത്ര തുകയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ-സി) മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട ക്ഷേത്രങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും ക്ഷേത്ര ജീർണ്ണോദ്ധാരണത്തിന് അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മങ്ങാട്ട് ഭട്ടതിരിക്കുള്ള വാർഷിക ഗ്രാന്റ്

237 (1708) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വാർഷികാനുഷ്ഠാനമായ തിരുവോണത്തോണിവരവിന് നേതൃത്വം നൽകുന്ന മങ്ങാട്ട് ഭട്ടതിരിക്ക് ദേവസ്വം ബോർഡ് എത്ര തുക വാർഷിക ഗ്രാന്റ് നൽകുന്നുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഗ്രാന്റ് നൽകുന്നുണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചുനൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് മങ്ങാട്ട് ഭട്ടതിരി ദേവസ്വം ബോർഡിന് നിവേദനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 800 രൂപ നൽകുന്നുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.

(സി) ബോർഡിൽ നിവേദനം ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങൾക്ക് സഹായം

238 (1709) ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് സഹായം അനുവദിച്ചുവെന്നും എത്ര വീതമെന്നും വർഷം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിച്ച ക്ഷേത്രങ്ങളുടെ പേര്, അനുവദിച്ച വർഷം, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ നടപടി

239 (1710) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി അന്യാധീനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ ക്ഷേത്രങ്ങളുടെ ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്തിയെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ക്ഷേത്രങ്ങളുടെയും കീഴിലുള്ള ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly